# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)*** **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Fax & Phone : 0484 -2730150**

**No. M/C/005/ 2017**

**Date: 23-09-2017**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

**2017 ലെ വാർഷിക പരീക്ഷയുടെ പ്രോഗ്രാം താഴെ ചേർക്കുന്നു.**

| തീയതി | സമയം | ക്ലാസ്സ് | പാഠഭാഗങ്ങൾ |
|---|---|---|---|
| 26-11-17 | 1 pm to 3.30 pm | 1,2,3,4,5,6,7,8,9,XI | മുഴുവൻ പാഠഭാഗങ്ങൾ |
| 03-12-17 | 1 pm to 3.30 pm | X,XII | മുഴുവൻ പാഠഭാഗങ്ങൾ |

**സുറിയാനി** : 4 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കാനുള്ള സുറിയാനി പാഠഭാഗങ്ങളിൽ നിന്നും, 10-ാം ക്ലാസ്സിൽ 8, 9 ക്ലാസ്സുകളിലെ പാഠഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**1. ചോദ്യക്കടലാസ്, ഹാൾടിക്കറ്റ് വിതരണം**

*സ്ഥലം* : ***എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസ്, പുത്തൻകുരിശ്***

*തീയതി* : ***2017 നവംബർ 4-ാം തീയതി ശനി 11 മണി മുതൽ 4 മണി വരെ*** അങ്കമാലി. കണ്ടനാട് , കൊച്ചി ഭദ്രാസനങ്ങൾ

: ***2017 നവംബർ 11-ാം തീയതി ശനി 11 മണി മുതൽ 2 മണി വരെ*** മറ്റ് ഭദ്രാസനങ്ങൾ

1. സൺഡേസ്കൂളുകളിൽ നിന്നും, ഡിസ്ട്രിക്ടുകളിൽ നിന്നും അസ്സോസിയേഷനിലേക്കുള്ള വിഹിതങ്ങൾ കൊടുത്ത് തീർത്തിരിക്കണം. **ജൂലൈ 31നു ശേഷം പ്രൊഫോർമാ തന്നിട്ടുള്ള സൺഡേസ്കൂളുകൾ മാനുവലിൽ പറയും പ്രകാരം ലേറ്റ്ഫീ അടയ്ക്കേണ്ടതാണ്. ലഭിച്ചിട്ടുള്ള പ്രൊഫോർമയിൽ അപൂർണ്ണമായവ തിരുത്തി നൽകാതിരുന്നാൽ ചിലർക്കെങ്കിലും ഹാൾടിക്കറ്റ് നൽകാൻ പറ്റാതെ വരുന്നതാണ്. കൂടാതെ അപൂർണ്ണമായ പ്രൊഫോർമ അനുസരിച്ച് തയ്യാറാക്കുന്ന സർട്ടിഫിക്കറ്റ് തിരുത്തേണ്ടി വന്നാൽ വീണ്ടും ഫീസടക്കേണ്ടി വരുമെന്നും ഓർമ്മപ്പെടുത്തുന്നു.**
2. ഇൻസ്പെക്ടറോ, രേഖാമൂലം ചുമതലപ്പെടുത്തപ്പെട്ട ഡിസ്ട്രിക്ട് ഭാരവാഹിയോ (ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ) ചോദ്യക്കടലാസുകളും, ഹാൾടിക്കറ്റും മേൽകാണിച്ചിട്ടുള്ള തീയതികളിൽ ഏറ്റുവാങ്ങി, ഇൻസ്പെക്ടറുടെ ഉത്തരവാദിത്വത്തിൽ വിതരണം നടത്തേണ്ടതാണ്.
3. ഇൻസ്പെക്ടർമാർ മുൻകൂട്ടി അറിയിക്കുന്ന സമയത്തും സ്ഥലത്തും ഹെഡ്മാസ്റ്റർമാർ ചെന്ന് ചോദ്യക്കടലാസ് പാക്കറ്റുകൾ ഏറ്റുവാങ്ങണം.
4. എല്ലാ സൺഡേസ്കൂളിലേക്കും സൂപ്പർവൈസർമാരെ ഇൻസ്പെക്ടർ നിയമിക്കുകയും പേരു വിവരം ഡയറക്ടറെ അറിയിക്കുകയും ചെയ്യേണ്ടതാണ്. **സൂപ്പർവൈസർമാർ XI-ാം ക്ലാസ്സിലെ കുട്ടികളുടെ ഹാൾടിക്കറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം എ ലിസ്റ്റിൽ കുട്ടികളെ കൊണ്ട് ഒപ്പ് ഇടുവിക്കേണ്ടതാണ്. സൂപ്പർവൈസറും ലിസ്റ്റിൽ ഒപ്പിടേണ്ടതാണ്.**
5. **അസ്സോസിയേഷനിൽ നിന്ന് വിതരണം ചെയ്യുന്ന ഹാൾടിക്കറ്റ് കൈവശം ഇല്ലാത്ത ഒരു കുട്ടിയേയും 10,11,12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് ഇരുത്തുകയോ, പകരം കുട്ടികളെ ഇരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി ആരെങ്കിലും പരീക്ഷ എഴുതിയാൽ ആ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ല. പരീക്ഷ സംബന്ധിച്ച് എല്ലാ കാര്യങ്ങളും മാനുവൽ അനുസരിച്ചും, സർക്കുലർ അനുസരിച്ചും മാത്രമെ നടത്തുവാൻ പാടുള്ളു എന്നു ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.**

**2. ഇംഗ്ലീഷ് ചോദ്യപേപ്പർ**

1 മുതൽ 10 വരെ ക്ലാസ്സുകളിലെ ഇംഗ്ലീഷ് ചോദ്യക്കടലാസുകൾ ആവശ്യപ്പെട്ടിട്ടുള്ളവർക്ക് ചോദ്യക്കടലാസ് പാക്കറ്റിൽത്തന്നെ ലഭിക്കുന്നതാണ്.

**3. പരീക്ഷാകേന്ദ്രങ്ങളും ചുമതലകളും**

1. **1 മുതൽ 9 വരെ ക്ലാസ്സുകളിലെയും XI -ലേയും** പരീക്ഷകൾ ഹെഡ്മാസ്റ്ററുടെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.
2. 10,12 ക്ലാസ്സുകളിലെ പരീക്ഷകൾ ഡിസ്ട്രിക്ടിലെ ഒരു നിശ്ചിത കേന്ദ്രത്തിൽ വച്ച് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ നടത്തപ്പെടണം. ഇൻസ്പെക്ടർ ചീഫ് സൂപ്രണ്ടു കൂടി ആയിരിക്കുന്നതാണ്. പരീക്ഷ നടക്കുന്ന ഓരോ കേന്ദ്രത്തിലേക്കും അഡീഷണൽ ചീഫ് സൂപ്രണ്ടിനെ ജനറൽ സെക്രട്ടറി നിയോഗിക്കുന്നതാണ്.
3. **പരീക്ഷ അവസാനിക്കുന്ന മുറയ്ക്ക് മാത്രമെ വിതരണത്തിന് ശേഷമുള്ള ചോദ്യപേപ്പറുകൾ പരീക്ഷാ ഹാളിന് വെളിയിൽ കൊണ്ടുപോകാവു.**

*(മറുപുറം)*

**4. 10, 12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് അഡീഷണൽ ഷീറ്റായി നിർബ്ബന്ധമായും വരയിടാത്ത A4 size പേപ്പർ മാത്രമെ ഉപയോഗിക്കാവു. അഡീഷണൽ ഷീറ്റിൽ എം.ജെ.എസ്.എസ്.എ. യുടെ emblem ഉള്ള സീൽ ഉണ്ടായിരിക്കേണ്ടതും, സീൽ എല്ലാ കേന്ദ്രങ്ങളിലേയ്ക്കും ചോദ്യപേപ്പറിനോടൊപ്പം നൽകുന്നതുമാണ്. ഉപയോഗം കഴിഞ്ഞ സീലും ബാക്കിവന്ന സീൽ ചെയ്ത പേപ്പറുകളും ഫേസിംങ്ങ് ഷീറ്റും പ്രത്യേകം കവറിലിട്ട് ഉത്തരക്കടലാസ് പാക്കറ്റിനോടൊപ്പം തിരികെ എം.ജെ.എസ്.എസ്.എ. യിൽ ഏൽപ്പിക്കേണ്ടതുമാണ്.**

**5. ഓരോ ഭദ്രാസനത്തിൽ നിന്നും (സോണിൽ നിന്നും) അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി പോകുവാൻ യോഗ്യരായ ഭാരവാഹികളുടെ പേരും ഫോൺ നമ്പരും ഡയറക്ടർമാർ സെപ്റ്റംബർ 30 നകം ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.**

## 4. വാർഷിക പിരിവ്

വർഷാരംഭ സ്റ്റേറ്റുമെന്റ് അനുസരിച്ച് 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടി ഒന്നിന് 5.00 രൂപാ ക്രമത്തിൽ ഹെഡ്മാസ്റ്റർമാർ വാർഷിക പിരിവ് ഇൻസ്പെക്ടറെ ഏൽപ്പിച്ചിട്ടുണ്ടല്ലോ. ഇൻസ്പെക്ടർമാർ കുട്ടി ഒന്നിന് 1.00 രൂപ വീതം ഡിസ്ട്രിക്ട് വിഹിതമായി കണക്കിൽ വരവ് വച്ച് എടുക്കേണ്ടതും ബാക്കി തുക 30-09-17 ന് മുമ്പ് കേന്ദ്രഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. **വാർഷിക പിരിവിന് മാത്രമെ ഡിസ്ട്രിക്റ്റ് വിഹിതമുള്ളു** എന്ന് ഓർമ്മപ്പെടുത്തുന്നു.

## 5. മത്സരപരീക്ഷ

1. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരകടലാസ്സുകൾ ഡിസ്ട്രിക്ട് തലത്തിൽ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തി **ഒന്നും രണ്ടും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരകടലാസുകൾ 2017 ഡിസംബർ 20 നകം ഭദ്രാസന ഡയറക്ടർക്ക് ലിസ്റ്റ് സഹിതം അയച്ചു കൊടുക്കേണ്ടതാണ്.
2. ഭദ്രാസന ഡയറക്ടർമാർ ഭദ്രാസനത്തിൽ മൂല്യനിർണ്ണയം നടത്തി അതിൽ **ഒന്നും രണ്ടും** സ്ഥാനം ലഭിച്ചവരുടെ മാത്രം ഉത്തരക്കടലാസുകൾ ലിസ്റ്റു സഹിതം **2018 ജനുവരി 15 നകം** കേന്ദ്രഓഫീസിൽ എത്തിക്കുകയോ ജനറൽ സെക്രട്ടറിയുടെ പേർക്ക് രജിസ്റ്റേർഡ് ആയി അയച്ചു തരികയോ ചെയ്യണം. വൈകി എത്തുന്ന ഉത്തരക്കടലാസുകൾ പരിഗണിക്കുന്നതല്ല.

## 6. XI, XII വാർഷിക പരീക്ഷ

പത്താം ക്ലാസ്സിന്റെ തുടർച്ചയായി 11-ാം ക്ലാസ്സിലും തുടർന്ന് 12-ാം ക്ലാസ്സിലും ചേരുന്നവരെ മാത്രമെ 12-ാം ക്ലാസ്സിന്റെ റാങ്കിനായി പരിഗണിക്കുകയുള്ളു. 11-ാം ക്ലാസ്സ് പാസ്സായവർ മാത്രമെ 12-ാം ക്ലാസ്സിലെ പരീക്ഷ എഴുതുവാൻ പാടുള്ളു.

## 7. പ്രാർത്ഥന, ഗീതം

**10-ാം ക്ലാസ്സിലെ പ്രാർത്ഥന, ഗീതങ്ങൾ, സുറിയാനി ലിപിയിൽ എഴുതുക എന്നിവ VIII, IX ക്ലാസ്സുകളിൽ നിന്നുള്ളതായിരിക്കും.** പ്ലസ് വണ്ണിന് പ്രഭാത പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും സ്ലീബാ നമസ്കാരത്തിൽ നിന്നുള്ള ഗീതവും പ്ലസ് ടൂവിന് പാതിരാത്രിയുടെ പ്രാർത്ഥനയിൽ നിന്നുള്ള പ്രാർത്ഥനയും കൃംതാ നമസ്കാരത്തിൽ നിന്നുള്ള ഗീതവുമായിരിക്കും ചോദ്യങ്ങൾ.

## 8. റീവാല്യുവേഷൻ

10,12 ക്ലാസ്സുകളിലെ പരീക്ഷാ പേപ്പർ റീവാല്യു ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ വഴി വിശദ വിവരങ്ങൾ സഹിതം 100 രൂപാ ഫീസ് അടച്ച് ജനറൽ സെക്രട്ടറിക്ക് **2018 ഫെബ്രുവരി 28-ാം** തീയതിക്കകം ലഭിച്ചിരിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും കൃത്യമായും ചിട്ടയായും ആത്മാർത്ഥതയോടെ നിർവ്വഹിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## 9. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് / തിരുത്തലുകൾ

ജെ.എസ്.എസ്.എൽ.സി., +2 സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് ബന്ധപ്പെട്ട വിദ്യാർത്ഥിയുടെ വിശദ വിവരങ്ങൾ അടങ്ങിയ അപേക്ഷ ഹെഡ്മാസ്റ്ററുടെ ഒപ്പും ഡി. ഇൻസ്പെക്ടറുടെ ശുപാർശയും ആവശ്യമായ രേഖകൾ സഹിതം (ഉദാ. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് കോപ്പി) 100 രൂപ ഫീസ് അടച്ച് കേന്ദ്ര ഓഫീസിൽ നൽകേണ്ടതാണ്. എം.ജെ.എസ്.എസ്.എ.യിലെ തകരാറുകൊണ്ട് സർട്ടിഫിക്കറ്റിൽ തെറ്റുകൾ വന്നിട്ടുണ്ട് എങ്കിൽ ഫീസ് നൽകേണ്ടതില്ല.

എന്ന്

സ്നേഹാദരങ്ങളോടെ,

കർത്താവിൽ എളിയ ശുശ്രൂഷകർ

**ബിനോയ് പി.ജോർജ്**
*(പരീക്ഷാ കൺട്രോളർ )*
***Mob.9446739757***

**ഷെവ. എം.ജെ. മർക്കോസ്**
**ജനറൽ സെക്രട്ടറി (0485 2246211)**
**MOB. 9745046911**